നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.21.04.2022

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെയുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് മെയ് ആദ്യവാരം മുതൽ ആരംഭിക്കേണ്ടതുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്സ്. എം.ഐ.എസ്സിൽ 2ബി-യിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ ബ്ലോക്കിലും സേവനമനുഷ്ഠിക്കുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ഇതിനായി പ്രവർത്തനസജ്ജരാക്കേണ്ടത് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരും ബി.ആർ.പി. ഇൻ-ചാർജ്ജ്മാരുമാണ്. ഓരോ ബ്ലോക്കിലേയും വി.ആർ.പിമാരുടെ എണ്ണം കണക്കാക്കി ഓരോ ഗ്രാമപഞ്ചായത്തിലേയും വാർഡുകളുടേയും എം.ജി.എൻ.ആർ.ഇ.ജി.എസ്സ് പ്രവൃത്തികളുടെയും എണ്ണത്തിനനുസരിച്ച് യാഥാർത്ഥ്യബോധത്തോടെ സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കണം. ഇതിനായി രണ്ട് ദിവസങ്ങൾക്കകം ജില്ലാ റിസോഴ്സ് പേഴ്സൺമാർ ഓൺലൈൻ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സോഷ്യൽ ഓഡിറ്റ് കലണ്ടർ ആദ്യഘട്ടമായി തയ്യാറാക്കുക. തുടർന്ന് ഒഴിവുള്ള വി.ആർ.പി.മാരുടെയും ബി.ആർ.പിമാരുടെയും നിയമനവും പരിശീലനവും പൂർത്തിയാക്കുന്നതനുസരിച്ച് ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയുംവിധം കലണ്ടർ തയ്യാറാക്കുക.

തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് കലണ്ടറിന്റെ കോപ്പി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവർക്ക് രേഖാമൂലം നൽകേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് കലണ്ടറിന്റെ കോപ്പി ബി.ആർ.പിമാർ/ബി.ആർ.പി.ഇൻചാർജ്ജ്മാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും തുടർന്ന് ജില്ലയിലെ സോഷ്യൽ ഓഡിറ്റ് കലണ്ടറിന്റെ കോപ്പി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും ലഭ്യമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ആരംഭിക്കുന്നതിന് മുന്നോടിയായുള്ള എൻട്രി മീറ്റിംഗ് എല്ലാ പഞ്ചായത്തുകളിലും ബന്ധപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രെഡിറ്റഡ് എഞ്ചിനീയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, ഭരണസമിതി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് വിളിച്ചുചേർക്കുകയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ/ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ഇൻചാർജ്ജ് എന്നിവർ നേതൃത്വം നൽകേണ്ടതുമാണ്. എൻട്രി മീറ്റിംഗിൽ വച്ച് റിക്കോർഡ് വെരിഫിക്കേഷൻ, ഫീൽഡ് വെരിഫിക്കേഷൻ, ഗ്രാമസഭ യോഗങ്ങൾ, പബ്ലിക് ഹിയറിംഗ് എന്നിവ സംബന്ധിച്ച് വ്യക്തമായ തീരുമാനമെടുക്കുകയും ഓരോന്നിന്റെയും തീയതികൾ രേഖപ്പെടുത്തിയ മിനിട്ട്സ് ബി.ആർ.പി/ ബി.ആർ.പി.ഇൻചാർജ്ജ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തോടെ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതുമാണ്. കാര്യക്ഷമവും ചിട്ടയായതുമായ സോഷ്യൽ ഓഡിറ്റിനായി എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

വിശ്വസ്തതയോടെ,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ.

കോപ്പി:1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാർക്കും
3. എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും (ബി.ആർ.പി.മാർ വഴി)